(എ)&(ബി) ഇല്ല. എന്നാൽ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്ന സ്ഥാപനം ട്രേഡ് യൂണിയൻകാർക്കും മറ്റു വ്യവസായ സ്ഥാപനങ്ങൾക്കും ട്രെയിനിംഗ് നല്കുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽവന്നശേഷം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി 18 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലേയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡിലേയും തൊഴിലാളികൾക്കുവേണ്ടി യഥാക്രമം നാലും ഏഴും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തൊഴിലാളി യൂണിയൻ പ്രവർത്തകർക്കുവേണ്ടി 13 ശില്പശാലകൾ സംഘടിപ്പിച്ചു. തൊഴിലാളി പ്രതിനിധികൾക്കും തൊഴിലുടമാ പ്രതിനിധികൾക്കും തൊഴിലാളി യൂണിയൻ നേതാക്കൻമാർക്കും, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും വേണ്ടി നടത്തിയ "മാനേജ്മെന്റ് ലേബർ ഇന്റർഫേസ്" എന്ന പരിപാടിയും വിജയകരമായി സംഘടിപ്പിച്ചു. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കൻമാർക്കും, തോട്ടം മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കൻമാർക്കുംവേണ്ടി 3 ശില്പശാലകൾ വീതം സംഘടിപ്പിക്കുകയുണ്ടായി. റബർ ബോർഡിലെ തോട്ടങ്ങളുടെ ചുമതലയുള്ള സീനിയർ ഓഫീസർമാർക്ക് വേണ്ടിയും കാർഡമം മേഖലയിലെ ചെറുകിട കൃഷികാർക്കുവേണ്ടിയും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

7 (*460) ഐസ് പ്ലാന്റുകളുടെ പ്രവർത്തനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലുള്ള നിയമനം ശീതസംഭരണികളോടു കൂടിയ ഐസ് പ്ലാന്റുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് പ്രസ്തുത ഐസ് പ്ലാന്റുകൾ പ്രവർത്തന രഹിതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഐസ് പ്ലാന്റുകളാണ് ഇപ്രകാരം പ്രവർത്തനരഹിതമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രവർത്തനരഹിതമായ ഐസ്പ്ലാന്റുകൾ പൂർണ്ണരീതിയിൽ പ്രവർത്തിപ്പിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തന രഹിതമായിട്ടുള്ള ഐസ്പ്ലാന്റുകൾ മത്സ്യഫെഡിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഐസ്പ്ലാന്റുകൾ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) മത്സ്യഫെഡിന് കൈമാറിയിട്ടുള്ള ഐസ് പ്ലാന്റുകളുടെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനത്തെ ഐസ്പ്ലാന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കാലപ്പഴക്കംമൂലവും, സ്പെയർപാർട്ടുകളുടെ ദൗർലഭ്യം മൂലവുമാണ് മിക്ക ഐസ്പ്ലാന്റുകളും പ്രവർത്തന രഹിതമായത്.

(സി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 17 ഐസ് പ്ലാന്റുകളും ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ഡി) പ്രസ്തുത ഐസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ അവ മത്സ്യഫെഡിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഐസ് പ്ലാന്റുകൾ മത്സ്യഫെഡിന് ഔപചാരികമായി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. എന്നാൽ ഇവയിൽ താഴെ പറയുന്ന 10 എണ്ണം പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കുന്നതിന് മത്സ്യഫെഡിന് അനുവാദം നൽകിയിട്ടുണ്ട്.

1. ഗവ. ഐസ്പ്ലാന്റ്, കസബ, കാസർഗോഡ്
2. ഗവ. ഐസ്പ്ലാന്റ്, തലായി, കണ്ണൂർ
3. ഗവ. ഐസ്പ്ലാന്റ്, മാപ്പിളബേ, കണ്ണൂർ
4. ഗവ. ഐസ്പ്ലാന്റ്, കൊയിലാണ്ടി, കോഴിക്കോട്
5. ഗവ. ഐസ്പ്ലാന്റ്, താന്നൂർ, മലപ്പുറം
6. ഗവ. ഐസ്പ്ലാന്റ്, ചാവക്കാട്, തൃശ്ശൂർ
7. ഗവ. ഐസ്പ്ലാന്റ്, അഴീക്കോട്, തൃശ്ശൂർ
8. ഗവ. ഐസ്പ്ലാന്റ്, നീണ്ടകര, കൊല്ലം
9. ഗവ. ഐസ്പ്ലാന്റ്, വളപട്ടണം, കണ്ണൂർ
10. ഗവ. ഐസ്പ്ലാന്റ്, വെസ്റ്റ് ഹിൽ, കോഴിക്കോട്.

(എഫ്) പ്രസ്തുത ഐസ്പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ജി) നടപടികൾ സ്വീകരിച്ചു വരുന്നു.

8 (*461) വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലെ ശുദ്ധജല വിതരണം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly